بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 01.05.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ബഹുമാന്യരായ ദുൽഫിഖാർ അഹ്മദ് ഡമാനിക് സാഹിബ് ഇന്തോനേഷ്യ, ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ് പാക്കിസ്ഥാൻ, ഗുലാം മുസ്തഫാ സാഹിബ് ലണ്ടൺ എന്നിവരുടെ അനുസ്മരണം

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ أَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَ إِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഇപ്പോൾ ഞാൻ ചില പരേതരെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവരെല്ലാം വ്യത്യസ്ത ജോലിയുമായി ബന്ധപ്പെട്ടവരും വ്യത്യസ്ത തരം കാര്യങ്ങളിൽ മുഴുകിയിരുന്നവരുമായിരുന്നു. അവരുടെ വിദ്യാഭ്യാസ നിലവാരം വ്യത്യസ്തമായിരുന്നു. എങ്കിലും ഒരു കാര്യത്തിൽ അവർക്കു സമാനതയുണ്ടായിരുന്നു. അവർ ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുമെന്ന ബൈഅത്തിന്റെ പ്രതിജ്ഞയെ തങ്ങളുടെ കഴിവനുസരിച്ച് പൂർത്തിയാക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബൈഅത്തിന്റെ കടമ നിറവേറ്റുന്നവരും അഹ്മദിയ്യാ ഖിലാഫത്തിനോട് തികഞ്ഞ ആത്മാർത്ഥതയോടും കൂറോടും കൂടിയ ബന്ധമുണ്ടായിരുന്നവരും അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നവരുമായിരുന്നു. ഇസ്‌ലാമിന്റെ ഏതൊരു മനോഹരമായ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതനായിട്ടാണോ അല്ലാഹു നബി(സ)തിരുമേനിയുടെ സത്യദാസനെ നിയോഗിച്ചയച്ചത് അതിന്റെ യഥാർത്ഥ കർമ്മരൂപം തങ്ങളിൽ ഉണ്ടെന്ന് തെളിയിച്ചവരുമായിരുന്നു. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി ചേർന്നു നിന്നെങ്കിൽ മാത്രമേ ദൈവത്തിനും ദാസർക്കുമിടയിൽ യഥാർത്ഥ ബന്ധം സ്ഥാപിക്കുന്നതിനുള്ള ശരിയായ രീതി നമുക്ക് ലഭ്യമാകുകയും ജീവനുള്ള ദൈവത്തിൽ ദൃഢജ്ഞാനം കൈവരികയും അവന്റെ തൃപ്തിയിൽ തൃപ്തരായിരിക്കുവാനുള്ള ഉന്നതനിലവാരം പ്രാപ്തമാകുകയും ചെയ്യുകയുള്ളൂ എന്ന് അവരുടെ സംഭവങ്ങൾ കേൾക്കുമ്പോൾ നമുക്ക് ബോധ്യമാകുന്നതാണ്.

അവരിൽ ഒന്നാമത്തെ വ്യക്തി നമ്മുടെ ജമാഅത്തിന്റെ മുബല്ലിഗ് ആയിരുന്ന ദുൽഫിഖാർ അഹ്മദ് ഡൊമനിക് സാഹിബ് ആണ്. ഇന്തോനേഷ്യയുടെ റീജിയണൽ മുബല്ലിഗ് ആയിരുന്ന അദ്ദേഹം ഏപ്രിൽ 21 ന് 42-ാം വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. മർഹൂമിന്റെ പിതാമഹനിലൂടെയാണ് കുടുംബത്തിന് ജമാഅത്ത് ലഭിച്ചത്. മർഹൂം 1997 മുതൽ 2002 വരെ ജാമിആ അഹ്മദിയ്യാ ഇന്തോനേഷ്യയിൽ വിദ്യാഭ്യാസം നേടി. വിവിധ സ്ഥലങ്ങളിലായി പതിനെട്ടു വർഷത്തോളം ജമാഅത്തിന്റെ മുബല്ലിഗായി സേവനമനുഷ്ഠിക്കാൻ സൗഭാഗ്യം ലഭിച്ചു. അനന്തരാവകാശികളായി ഭാര്യയും നാല് മക്കളുമാണുള്ളത്. മക്കൾ വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്.

നമ്മുടെ മുബല്ലിഗായ മിഅ്റാജ് ദീൻ സാഹിബ് വിവരിക്കുന്നു; ദുൽഫിഖാർ സാഹിബ് സഫലനായ, കഠിനാധ്വാനിയായ ഒരു മുബല്ലിഗ് ആയിരുന്നു. അദ്ദേഹത്തിന്റെ നിയമനം ഉണ്ടായിരുന്നിടങ്ങളിലെല്ലാം തന്നെ തർബിയ്യത്തുപരമായ ബന്ധങ്ങളുണ്ടാക്കുകയും വളരെ മികച്ച തബ്ലീഗ് പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുമായിരുന്നു. ഒരിക്കലും യാതൊന്നും ആവശ്യപ്പെട്ടിരുന്നില്ല മറിച്ച് എപ്പോഴും ദുആ ചെയ്യാൻ നിർദ്ദേശിക്കുമായിരുന്നു. ഒരു വാഖിഫെ സിന്ദഗിയുടെ (ജീവിതം അർപ്പണം ചെയ്തവരുടെ) സവിശേഷത ഇതു തന്നെയാണ്. ഈയൊരാത്മാവാണ് വഖ്ഫെസിന്ദഗിയിൽ ഉണ്ടായിരിക്കേണ്ടതും. വല്ലതും ചോദിക്കാനുണ്ടെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. മറ്റുള്ളവരോട് ഒരിക്കലും ആവശ്യപ്പെടരുത്. ഇത് എല്ലാ വഖ്ഫെ സിന്ദഗികളും സ്വായത്തമാക്കേണ്ട വളരെ അത്യാവശ്യമായിട്ടുള്ള ഒരു സവിശേഷതയാണ്.

ജമാഅത്തിന്റെ മുറബ്ബിയായ ആസിഫ് മുഈൻ സാഹിബ് എഴുതുന്നു; വളരെ സ്വാലിഹായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം ആത്മാർത്ഥതയും അനുസരണവുമുള്ള വ്യക്തിയായിരുന്നു. രോഗാവസ്ഥയിലും ജമാഅത്തിന്റെ സേവനത്തിന് മുൻഗണന നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഡയാലിസിസ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. ആ അവസ്ഥയിലും ഒരു പ്രാദേശിക യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. താങ്കളെന്നതിനാണ്

ഇത്രയും കഷ്ടപ്പെടുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; എനിക്ക് ജീവനുള്ളിടത്തോളം ഞാൻ ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാൻ ശ്രമിക്കുന്നതാണ്. ഞാൻ രോഗിയാണെങ്കിൽക്കൂടി എപ്പോഴും ജമാഅത്തിന്റെ സേവനത്തിൽ മുഴുകിക്കൊണ്ടിരിക്കണം എന്നാണെന്റെ ആഗ്രഹം. ഈയൊരു വികാരമാണ് ഓരോ വാഖിഫെ സിന്ദഗിയിലും ഉണ്ടായിരിക്കേണ്ടത്. അല്ലാതെ നിസ്സാരകാര്യങ്ങൾക്കായി വിഷമം പ്രകടിപ്പിക്കാൻ തുടങ്ങുകയല്ല വേണ്ടത്.

തുടർന്ന് ഹുസൂർ പറഞ്ഞു; നിശ്ചയദാർഢ്യമുള്ളതും കൂറോടെ തന്റെ വഖ്ഫിനെ പൂർത്തിയാക്കുന്നയാളുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹം തന്റെ ബൈഅത്തിന്റെ പ്രതിജ്ഞകളും വഖ്ഫിന്റെ പ്രതിജ്ഞകളും വളരെ ഭംഗിയായി പൂർത്തിയാക്കി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കട്ടെ. അദ്ദേഹത്തിന്റെ ഭാര്യയേയും മക്കളെയും സ്വയം സംരക്ഷിക്കുമാറാകട്ടെ.

രണ്ടാമത്തെ മർഹൂം ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ് ഇസ്ലാമാബാദ് പാക്കിസ്ഥാൻ ആണ്. ഏപ്രിൽ 18 നു അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. വഫാത്തിന് ഏതാനും ദിവസങ്ങൾക്കു മുൻപ് അദ്ദേഹത്തിൽ കൊറോണാ വൈറസിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഏപ്രിൽ 18ന് വൈകുന്നേരത്തോടെ അല്ലാഹുവിന്റെ സവിധത്തിൽ ഹാജരായി. അനന്തരാവകാശികളായി ഭാര്യയും ഒരു മകനും നാല് പെൺമക്കളുമാണുള്ളത്. പരേതന്റെ പിതാമഹന്റെയും മാതാമഹന്റെയും കുടുംബം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബാക്കളുടെ സന്താന പരമ്പരയിൽപ്പെട്ടതായിരുന്നു. ഇന്ത്യാ വിഭജന സമയത്ത് അദ്ദേഹത്തിന് ഒരുവയസ്സു പ്രായമായിരുന്നു. 1970-ൽ M.B.B.S പാസ്സായി. അതിനുശേഷം ഇസ്ലാമാബാദിൽ സ്വന്തമായി ക്ലിനിക് തുടങ്ങി. കഴിഞ്ഞ മുപ്പതുവർഷങ്ങളായി സ്വന്തം ക്ലിനിക് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയകരമായിരുന്നു. പാവങ്ങളെ വളരെയധികം സഹായിച്ചിരുന്നു.

ഇസ്ലാമാബാദ് അമീർ സാഹിബ് എഴുതുന്നു; ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ് കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി ഇസ്ലാമാബാദ് ജമാഅത്തിന്റെ ഖാളിയായി സേവനം ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ വിധികൾ വിശുദ്ധ ഖുർആനും സുന്നത്തുമനുസരിച്ചുള്ളതും ഇരു കക്ഷികൾക്കും വളരെയധികം സംതൃപ്തി നൽകുന്നതുമായിരുന്നു. സൽസ്വഭാവിയും എല്ലാവരുമായി നല്ലനിലയിൽ പെരുമാറുന്ന വ്യക്തിയും സ്നേഹവും വാത്സല്യവുമുള്ള, ദരിദ്രരെ സംരക്ഷിക്കുന്ന, സർവ്വപ്രിയനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. എല്ലാവരോടും പുഞ്ചിരിക്കുന്ന മുഖത്തോടെയായിരുന്നു കണ്ടുമുട്ടിയിരുന്നത്. ദൈവസൃഷ്ടികളെ സേവിക്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്നു. ജമാഅത്തിലെ ദരിദ്രരും, നിസ്സഹായരുമായ രോഗികൾക്കായി അദ്ദേഹത്തിന്റെ ക്ലിനിക് എപ്പോഴും തുറന്നിട്ടിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു; എന്റെ ഭർത്താവ് വളരെ ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരു അഹ്മദിയായിരുന്നു. വളരെയധികം അനുസരണമുള്ള ഒരു മകനും, മാതൃകാ ഭർത്താവും, വാത്സല്യനിധിയായ ഒരു പിതാവും, സഹോദരീ സഹോദരൻമാരെയും സുഹൃത്തുക്കളെയും വളരെയധികം ശ്രദ്ധിച്ചിരുന്ന, ജനങ്ങൾക്ക് ഉപകാരിയായിരുന്ന ഒരു വ്യക്തിയായിരുന്നു. ജീവനുള്ള ദൈവവുമായി വളരെ ആഴത്തിൽ ബന്ധമുള്ള, ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ മകൾ വർദ പറയുന്നു; ചെറുപ്പത്തിൽത്തന്നെ ഞങ്ങൾക്ക് വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനും നോമ്പെടുക്കുന്നതിനും കൃത്യസമയത്ത് ചന്ദ നൽകുന്നതിനും സ്വദഖയും മറ്റു ദാനധർമ്മങ്ങൾ ചെയ്യുന്നതിനുമുള്ള ശീലമുണ്ടാക്കി. അദ്ദേഹത്തിന്റെ മകൻ പീർ മുഹ്‌യിദ്ദീൻ സാഹിബ് പറയുന്നു; ഞാൻ സ്വപ്നത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഞങ്ങളുടെ വീട്ടിലെ സ്വീകരണമുറിയിലിരുന്ന് ദർസ് നൽകുന്നതായി കണ്ടു. എന്നിട്ട് എന്നോട് പറഞ്ഞു; 'നിങ്ങളുടെ പിതാവ് ഒരു വലിയുല്ലാഹ് ആണ്. 'അല്ലാഹു മർഹൂമിന്റെ  പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്തതായി പരാമർശിക്കാനുള്ളത് ലണ്ടനിൽ താമസിച്ചിരുന്ന ബഹുമാന്യ ഗുലാം മുസ്തഫാ സാഹിബിനെക്കുറിച്ചാണ്. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലെ സന്നദ്ധ പ്രവർത്തകനായിരുന്നു അദ്ദേഹം. ഏപ്രിൽ 25ന് അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. 1983 ലാണ് അദ്ദേഹം ബൈഅത്തു ചെയ്തത്. വഖ്ഫെ സിന്ദഗി ആയിരുന്നില്ലെങ്കിൽപ്പോലും ഒരു വഖ്ഫെ സിന്ദഗിയെപ്പോലെ ജോലി ചെയ്തു കൊണ്ടിരുന്നു. അല്ലാഹുവിനോട് ചെയ്ത വഖ്ഫിന്റെ പ്രതിജ്ഞ വളരെ കൂറോടെ നിറവേറ്റി. 1993 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തിന് പി.എസ് ഓഫീസിൽ ഡ്യൂട്ടി നൽകി. അന്നുമുതൽ ഇന്നുവരെ വളരെ ഭംഗിയായി തന്റെ ഡ്യൂട്ടി ചെയ്തു വരികയായിരുന്നു. അദ്ദേഹം മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ മഹ്മൂദാ മുസ്തഫ എഴുതുന്നു; ഞാനും മുസ്തഫാ സാഹിബും ഏകദേശം മുപ്പത്തിനാല് വർഷം ഒരുമിച്ചു ജീവിച്ചു.  അത്രയും കാലം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തിയും അല്ലാഹുവിനുവേണ്ടിയായിരുന്നു എന്നതിന് ഞാൻ സാക്ഷിയാണ്. ഒരു ആത്മാർത്ഥനായ ഭർത്താവ്,പിതാവ്,സഹോദരൻ,

സുഹൃത്ത് എല്ലാമായിരുന്നു. ബന്ധങ്ങളെ നിലനിർത്തിയിരുന്നു. ഖിലാഫത്തിൽ ജീവാർപ്പണം ചെയ്യുന്ന വ്യക്തിയായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ വളരെ തല്പരനായിരുന്നു. അദ്ദേഹത്തിന്റെ മകൾ സൗബിയ മുസ്തഫ പറയുന്നു; എന്റെ പിതാവിന്റെ ജീവിതലക്ഷ്യം, അല്ലാഹുവിനോടും അല്ലാഹുവിനാൽ സ്ഥാപിതമായ ഖിലാഫത്തിനോടുമുള്ള സ്നേഹമായിരുന്നു. പാവപ്പെട്ടവരെ ഒരുപാട് സഹായിച്ചിരുന്നു. അദ്ദേഹം രോഗിയാകുന്നതിനു മുൻപ് എനിക്ക് അവസാനത്തെ ഉപദേശം നൽകിയിരുന്നത് എപ്പോഴും ജമാഅത്തുമായി ചേർന്നു നിൽക്കണമെന്നും നമസ്കരിക്കുകയും കൃത്യമായി വിശുദ്ധഖുർആൻ പാരായണം ചെയ്യ ണമെന്നും അപ്രകാരം ചെയ്താൽ അല്ലാഹു എപ്പോഴും കൂടെയുണ്ടാകുമെന്നുമായിരുന്നു. ചന്ദ നൽകുന്നത് ഒരിക്കലും വൈകിക്കരുതെന്ന് എപ്പോഴും ഓർമ്മിപ്പിക്കുമായിരുന്നു. ചന്ദകൾ മാസത്തിന്റെ ആദ്യദിവസം തന്നെ നൽകുമായിരുന്നു. എന്നിട്ടു പറയുമായിരുന്നു; ജമാഅത്തിന് നമ്മുടെ ചന്ദയുടെ ആവശ്യമുണ്ടെന്ന് കരുതരുത് മറിച്ച ചന്ദ നൽകുന്നതിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നാം സ്വാംശീകരിക്കുകയാണ് ചെയ്യുന്നത്.

ഡോക്ടർ ഇബ്രാഹീം നാസിർ ഭട്ടി സാഹിബ് പറയുന്നു; കൊറോണാ വൈറസ് രോഗത്തിന്റെ തീവ്രത കാരണം അദ്ദേഹത്തിന് വെന്റിലേറ്ററിൽ ഇജഅജ നൽകേണ്ടത് ആവശ്യമായി വന്നു. അതുകാരണം ആശങ്കാജനകമായ അവസ്ഥയുണ്ടായി. അദ്ദേഹത്തിന് പ്രയാസമനുഭവപ്പെടാൻ തുടങ്ങിയപ്പോൾ വീട്ടുകാർ അദ്ദേഹത്തോട് പറഞ്ഞു; കാലത്തിന്റെ ഖലീഫ താങ്കളോട് ഡോക്ടറുടെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുക എന്നാണ് പറയുന്നത്. എന്റെ ഈ സന്ദേശം ലഭിക്കുമ്പോൾ അദ്ദേഹം പെട്ടെന്ന് റിലാക്സ് ആകുമായിരുന്നു.

അല്ലാഹു ഈ പരേതരായ എല്ലാവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹുവിനോടും അവന്റെ ദീനിനോടും അവർ കാണിച്ച കൂറും അതുപോലെ അവരുടെ ബൈഅത്തിന്റെ പ്രതിജ്ഞകൾ നിറവേറ്റാനുള്ള പരിശ്രമവും, അതിനേക്കാൾ ഉപരിയായി അല്ലാഹു അവരോടു പെരുമാറട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതനുസരിച്ച് ഇവർ ശുഹദാക്കളിൽ ഉൾപ്പെടുന്നു. അല്ലാഹു അവരുടെ സന്താനങ്ങളെ സംരക്ഷിക്കുമാറാകട്ടെ. അവരുടെ നന്മകൾ തുടർന്നുകൊണ്ടു പോകുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവുമായി ബന്ധമുണ്ടാക്കുവാനും ജമാഅത്തുമായും ഖിലാഫത്തുമായും എപ്പോഴും കൂറോടുകൂടിയ ബന്ധം നിലനിർത്തുവാനും തൗഫീഖ് നൽകട്ടെ. അവരുടെ മാതാപിതാക്കൾ അവർക്കുവേണ്ടി ചെയ്ത ദുആകൾ എപ്പോഴും അല്ലാഹു അവർക്കുവേണ്ടി സ്വീകരിക്കുമാറാകട്ടെ.(ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 01.05.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516